# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2414</u>

<u>11/10/2011 - ൽ മറുപടിക്ക് ഉണ്ടായിരുന്നതും ഇടക്കാല മറുപടി നൽകിയതും</u>

## ലാബ് അസിസ്റ്റന്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: പി.സി. ജോർജ് : | ശ്രീ. പി.കെ.അബ്ദുറബ്ബ്. |
| ശ്രീ. റോഷി അഗസ്റ്റിൻ: | (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| ചോദ്യം | | നൽകിയ മറുപടി | അന്തിമമറുപടി |
|---|---|---|---|
| (എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബൈ ട്രാൻസ്ഫർ വഴി ലാബ് അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | 2001 ലെ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ സബോർഡിനേറ്റ് ചട്ട പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ലാബോറട്ടറി അസിസ്റ്റന്റുമാരുടെ ആകെ തസ്തികകളിൽ 25% തസ്തികകളിൽ സ്കൂളുകളിലെ ക്ലാസ് 4 വിഭാഗം ജീവനക്കാരെ അവരുടെ സീനിയോറി-റ്റിയുടെയും യോഗ്യത യുടെയും അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകി നിയമിക്കേണ്ടതാണ്. ഈ വിഭാഗം ജീവന ക്കാർക്കായി നിശ്ചയിച്ചിട്ടുള്ള യോഗ്യത 7-ാം ക്ലാസ് വിജയവും പി.എസ്.സി നടത്തുന്ന ലാബോറട്ടറി അസിസ്റ്റന്റ് ടെസ്റ്റുമാണ്. പ്രസ്തുത ടെസ്റ്റ് | |

(...2)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | ഇപ്രകാരമുള്ള നിയമനത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | | അവർ നിയമന സമയത്ത് പാസാകണമെന്നില്ല, അവർ അത് നിരീക്ഷണ കാലം പൂർത്തിയാക്കുന്നതിന് മുൻപ് പാസ്സായാൽ മതിയാകുന്നതാണ്. |
| (സി) | ലാബ് അസിസ്റ്റന്റ് നിയമനത്തിന് പ്രത്യേക പരീക്ഷകൾ നിലവിലുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനത്തിന് പരീക്ഷ ബാധകമാക്കിയത് എന്നാണ്; | | |
| (ഡി) | ഹയർ സെക്കന്ററി സംവിധാനം നിലവിൽ വന്നതിനുശേഷം എത്ര തവണ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പരീക്ഷ നടത്തിയെന്ന് അറിയിക്കുമോ; | (ഡി) | (ഡി) രണ്ട് തവണ |
| (ഇ) | ഇപ്രകാരം പരീക്ഷ ഏർപ്പെടുത്തുന്നതിനു മുൻപ് പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചവരും എഴുത്തു പരീക്ഷയ്ക്ക് വിധേയരാകേണ്ടതുണ്ടോ; | (ഇ) | 2001 ൽ നിലവിൽ വന്ന കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ സബോർഡിനേറ്റ് ചട്ടപ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ലാബോറട്ടറി അസിസ്റ്റന്റുമാരുടെ നിയമനത്തിന് ലാബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് നിർബന്ധിത യോഗ്യതയാണ്. |
| (എഫ്) | അൻപത് വയസ്സ് കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാരെ പ്രസ്തുത പരീക്ഷയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.